**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2029** **02-02-2024 - ൽ മറുപടിയ്ക്ക്**

**നന്തിക്കര ഗവ: വി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ഗവ: വി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) | പുതുക്കാട് നിയോജകമണ്ഡലത്തിലെ പ്രാപ്പൂക്കര ഗ്രാമ പഞ്ചായത്ത് നന്ദിക്കര ജി.വി.എച്ച്.എസ്.എസ്. കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നു. ടി പദ്ധതിയ്ക്ക് 18.10.2023ലെ സ.ഉ (സാധാ.) നം.305/2023/ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിയ്ക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എയിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. പ്രസ്തുത ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ